ശ്രീ. കെ. എ. മോമോദരമേനോൻ : ഇവ ഇൻഡസ്ട്രീയൽ കോവാപ്പ റേറ്റീവ് സൊസൈറ്റിയായി നടത്തി കൊണ്ടുപോകുന്നതിനുള്ള ശ്രമം വിജ യിച്ചിട്ടില്ല. അതിൽ പരിശീലനം ചെയ്തിട്ടുള്ള ആളുകൾക്ക് പൊതുവിൽ പറഞ്ഞാൽ കോവാപ്പറേറ്റീവ് സൊസൈറ്റി അംഗങ്ങളായി ചേർന്പ്രവത്തി ക്കാൻ മനസ്സില്ല. പോരെങ്കിൽ അതിനാവശ്യമായ മൂലധനവും അവർക്കുണ്ടാ ക്കാൻ പ്രൈഷമ്യമുണ്ട്. കോവാപ്പറേറ്റീവ് സൊസൈറ്റികൾക്ക് കൊടുക്കുന്ന ഇന്നത്തെ ധനസഹായത്തിന്റെ തോതുവച്ച് ഈ സൈസൈറ്റികൾക്ക് ധന സഹായം ചെയ്താൽ അവ ആദായകരമായി നടത്താൻ പ്രയാസമുണ്ടെന്നാ ണ് തോന്നുന്നു. ഇതൊക്കെ നോക്കിയപ്പോൾ ആ മാതിരി നടത്തിക്കൊണ്ടുപോകാൻ പ്രയാസമാണെന്നാ ണ് ഗവണ്മെന്റു കണ്ടു.

ഫയർ സ്റ്റേഷനുകൾ

* 839. [10] ശ്രീ. എം. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1963-64 വർഷത്തിൽ എത്ര ഫയർ സ്റ്റേഷനുകൾ തുറക്കുവാൻ ഉദ്ദേശിക്കുന്നു ;

(ബി) എവിടെയെല്ലാം ;

(സി) വടകരയിൽ ഒരു ഫയർ സ്റ്റേഷൻ തുറക്കുവാൻ ഉദ്ദേശിക്കു ന്നുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ എപ്പോൾ ?

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. പി. ടി. ചാക്കോ):

(എ) 3.

(ബി) കാസർകോട്, പൊന്നാനി, കായംകുളം എന്നീ സ്ഥലങ്ങളിൽ.

(സി) ഉണ്ട്.

(ഡി) നിശ്ചയിച്ചിട്ടില്ല.

ശ്രീ. എം. കൃഷ്ണൻ: ഫയർ സ്റ്റേഷൻസ് തുറക്കാനുള്ള സ്ഥലങ്ങളുടെ ലിസ്റ്റ് മേശപ്പുറത്തു വച്ചിട്ടുണ്ടായിരുന്നു. അതനുസരിച്ചാണോ ഈ സ്ഥല ങ്ങളിൽ തുറക്കുന്നത് ?

ശ്രീ. പി. ടി. ചാക്കോ ; അങ്ങനെ ഒരു ലിസ്റ്റ് തയാറാക്കിയിരുന്നു. പ്രയാറിറ്റി അനുസരിച്ച് ആ ലിസ്റ്റിൽനിന്നും വരുന്ന സ്ഥലങ്ങളാണ് ഞാൻ പറഞ്ഞത്. അതിനുവേണ്ടി മുന്നുലക്ഷം രൂപയും ബഡ്ജറ്റിൽ കൊള്ളി ച്ചിട്ടുണ്ട്.

ശ്രീ. ഈ. പി. ഗോപാലൻ: ഫയർ സ്റ്റേഷൻസിൽ ഉപയോഗിക്കുന്ന വാഹനങ്ങളും, തീ കെടുത്തുന്ന യന്ത്രങ്ങളും വളരെക്കാലം പഴക്കമുള്ളതാണെന്നും, പ്രവത്തനക്ഷമമല്ലെന്നും കണ്ടിട്ടുള്ള കേസുകളിൽ അവ മാറ്റുന്നതിനും റിപ്പയർ ചെയ്യുന്നതിനുമുള്ള അടിയന്തിരനടപടികളും എടുക്കുമോ ?

ശ്രീ. പി. ടി. ചാക്കോ: ഇതു ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ഇതിലൊരു ബുദ്ധിമുട്ടുള്ളതു പുതുതായി ഇതിനാവശ്യമുള്ള യന്ത്രങ്ങൾ കിട്ടാൻ വിഷമമുണ്ടെന്നുള്ളതാണ്. ഇക്കൊല്ലം ഫയർ സ്റ്റേഷൻ തുറക്കണമെന്നു വിചാരിച്ച് മൊബൈൽ ടാങ്ക് യൂണിറ്റ്സ്, വെഹിക്കിൾസ്, ആംബു ലൻസ് തുടങ്ങിയവയ്ക്കു എല്ലാം ആർഡർ ചെയ്തെങ്കിലും ആവശ്യമുള്ളതുകിട്ടാൻ സാധിച്ചില്ല. അങ്ങനെ ഒരു ബുദ്ധിമുട്ടുണ്ട്.

ശ്രീ. ഈ. പി. ഗോപാലൻ: പാലക്കാട്ട് ഒരു അഗ്നിബാധയുണ്ടായ വിവരം കിട്ടിയപ്പോൾ ഫയർ സ്റ്റേഷനിൽനിന്നും പുറപ്പെട്ട വാഹനം

LIBRARY ARCHIVES Kerala Legislative Assembly

സ്റ്റാർട്ട് ആകാത്തതുകൊണ്ട് അങ്ങാടിയിൽകൂടി ഉന്തിക്കൊണ്ടുപോകുന്നതു ആളുകൾ കണ്ടിട്ടുണ്ട്. അത്തരം വാഹനങ്ങൾ റിപ്പയർ ചെയ്യുന്നതിനോ, പുതിയവ വാങ്ങുന്നതിനോ എന്താണ് വൈഷമ്യം ? ഇതു പരിഹാസ്യമായ ഏർപ്പാട് ഈ വിഭാഗത്തിൽ ഉണ്ടാകാതിരിക്കുന്നതിന് നടപടി സ്വീകരിക്കാൻ തയാറുണ്ടോ ?

ശ്രീ. പി. ടി. ചാക്കോ: അങ്ങനെ ഉന്തിക്കൊണ്ടുപോകേണ്ടിവന്നിട്ടുണ്ടെങ്കിൽ അതു് അശ്രദ്ധകൊണ്ടു് ഉണ്ടായതായിരിക്കും. അങ്ങനെയുള്ളതെല്ലാം പരിഹരിക്കാൻ കഴിയും. ചില യന്ത്രസാമഗ്രികൾ കിട്ടുന്നതിനു് ബുദ്ധിമുട്ടുണ്ടെന്നേ ഞാൻ പറഞ്ഞതിനു് അർത്ഥമുള്ളൂ.

ശ്രീമതി കുസുമം: ഈ സംസ്ഥാനത്തെ ഫയർ സർവ്വീസ് മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ചു് മോശമാണെന്നും, തീരെ തൃപ്തികരമായ നിലയിലല്ല പ്രവർത്തിക്കുന്നതെന്നുമുള്ള പരാതി പൊതുവിൽ സംസ്ഥാനത്തു് ഉയർന്നുവന്നിട്ടുണ്ടു്. മദ്രാസിൽ ക്ലെക്കുടെ പരീക്ഷിച്ചു് ഇവ പ്രവർത്തനക്ഷമമാണോ എന്നു നോക്കുന്നുണ്ടെന്നും, അതുപോലെതന്നെ പ്രവർത്തിക്കാനുള്ള ആളുകൾ വണ്ടിയിൽതന്നെ തയാറായി ഇരിക്കുന്നുണ്ടെന്നുമാണു് ഞാൻ മനസ്സിലാക്കുന്നതു്. അതുപോലെ ഇവിടെ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനു് ഏർപ്പാട് ചെയ്യുമോ ?

ശ്രീ. പി. ടി. ചാക്കോ: ഈ സംസ്ഥാനത്തു് ചെറിയ ഒരു ഡിപ്പാർട്ടുമെൻറാണു് ഇതു്. വേണ്ടിടത്തോളം സ്ഥാനങ്ങളിൽ ഫയർ സ്റ്റേഷൻസും എക്യുപ്പ്മെൻറ്സും ഇല്ലെന്നുള്ളതു ഒഴിച്ചാൽ മദ്രാസ് സംസ്ഥാനത്തെപ്പോലെയുള്ള പരിശീലനമൊക്കെ ഇവിടെയും ഉണ്ടു്.

ശ്രീ. കെ. കൊച്ചുകുട്ടൻ : ഈ ഫയറിഞ്ചിൻസ് എല്ലാ ദിവസവും ടെസ്റ്റുചെയ്യുന്നതിനും മറ്റുമുള്ള എർപ്പാടുണ്ടോ ?

ശ്രീ. പി. ടി. ചാക്കോ: ഉണ്ടു്.

ശ്രീ. കെ. എം. ജോർജ്: തൊടുപുഴ, മൂവാറ്റുപുഴ മുതലായ പ്രദേശങ്ങളിൽ കോട്ടയത്തുനിന്നുംവേണം ഫയറിഞ്ചിൻ വരാൻ. അതുകൊണ്ടു് ഈ സ്ഥലങ്ങൾക്കു് പ്രയോജനപ്പെടത്തക്കവണ്ണം മൂവാറ്റുപുഴ ഒരു ഫയർ സ്റ്റേഷൻ ഉണ്ടാക്കാൻ ദയവുണ്ടാകുമോ ?

ശ്രീ. പി. ടി. ചാക്കോ : കേരളത്തിൽ പല സ്ഥലങ്ങളിലും ഫയർ സ്റ്റേഷൻസു് ഉണ്ടാക്കേണ്ടതുണ്ടു്. സാമ്പത്തികമായ കാരണങ്ങളാലാണു് ക്രമേണ ഓരോ സ്ഥലങ്ങളിലായി ഉണ്ടാക്കുന്നതു്.

പദ്ധതിപ്രവർത്തനത്തിനു സംഭരിച്ച പണം

* 840. [11] ശ്രീ. എം. നാരായണക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ മൂന്നുകൊല്ലങ്ങളായി പദ്ധതി പ്രവർത്തനത്തിനു പണം സംഭരിച്ചതു് എങ്ങനെയാണു് ;

(ബി) ദേശീയ സമ്പാദ്യപദ്ധതിയിൽനിന്നും എന്തു പിരിവുണ്ടായി?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ):

(എ) ഇതുസംബന്ധിച്ചുള്ള വിശദവിവരങ്ങൾ അടങ്ങിയ സ്റ്റേറ്റുമെൻറു് മേശപ്പുറത്തുവച്ചിട്ടുണ്ടു്. †

(ബി) 1960-62—ൽ 176 ലക്ഷം രൂപയും, 1961—63-ൽ 94 ലക്ഷം രൂപയും പിരിവുണ്ടായിരുന്നു. ദേശീയസമ്പാദ്യപദ്ധതിയിൽ പ്രൈസ്ബോണ്ടു പിരിവിൻെറ 50 ശതമാനവും, മറ്റിനങ്ങളിലുള്ള പിരിവിൻെറ 66 2/3 ശത

† Appendix I

LIBRARY ARCHIVES Kerala Legislative Assembly